**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5088 | 24.10.2011-ൽ മറുപടിയ്ക്ക്

## മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ

| ചോദ്യം :<br>ശ്രീ.എസ്.ശർമ്മ | മറുപടി :<br>ശ്രീ.അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ എന്നാണ് പ്രവർത്തനം ആരംഭിച്ചതെന്നും അതിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും വിശദീകരിക്കാമോ? | 01.11.2007 ലാണ് പ്രവർത്തനം ആരംഭിച്ചത്. സംസ്ഥാനത്തെ ആശുപത്രികൾക്ക് ഗുണമേൻമയുള്ള മരുന്നുകൾ മിതമായ വിലയ്ക്ക് സംഭരിച്ച് വിതരണം ചെയ്യുക എന്ന ഉദ്ദേശലക്ഷ്യത്തോടെ സർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിലാണ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ സ്ഥാപിച്ചിരിക്കുന്നത്. സംസ്ഥാനത്തെ സർക്കാർ ആശുപത്രികളുടെ ആവശ്യത്തിനായി ആരോഗ്യവകുപ്പും ആരോഗ്യവിദ്യാഭ്യാസവകുപ്പും നൽകുന്ന ഇൻഡന്റ് പ്രകാരമുള്ള മരുന്നുകളും ചികിത്സാ സാമഗ്രികളുമാണ് ഇപ്പോൾ സംഭരിച്ച് വിതരണം നടത്തിവരുന്നത്. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ടെണ്ടർ ക്ഷണിച്ചാണ് മരുന്നുകൾ വാങ്ങുന്നത്. കോർപ്പറേഷൻ വാങ്ങുന്ന എല്ലാ മരുന്നുകളുടെയും സാമ്പിളുകൾ അധികാരപ്പെടുത്തിയ സർക്കാർ ലാബുകളിൽ പരിശോധിച്ച് ഗുണമേൻമ ഉറപ്പുവരുത്തുന്നുണ്ട്. മരുന്നുകൾ അവയുടെ ജനറിക് നെയിമിൽ മാത്രം വിപണനം ചെയ്യുന്നതിനും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുമായി മികവ് തെളിയിച്ചിട്ടുള്ള വിശ്വാസയോഗ്യമായ കമ്പനികളിൽ നിന്നും മാത്രമാണ് വാങ്ങുന്നത്. സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ള വിദഗ്ദ്ധസമിതി തയ്യാറാക്കുന്ന അവശ്യമരുന്നുകളുടെ പട്ടിക (Essential Drug List) പ്രകാരം ഉള്ള ജെനറിക് നെയിമിലുള്ള മരുന്നുകളാണ് ആശുപത്രികളുടെ ആവശ്യാനുസരണം ഇപ്പോൾ കോർപ്പറേഷനിലൂടെ വാങ്ങി ആശുപത്രികൾക്ക് വിതരണം ചെയ്തുവരുന്നത്. കൂടാതെ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ബ്രാൻഡഡ് ഇനത്തിൽപ്പെട്ട മരുന്നുകൾ നേരിട്ട് നിർമ്മാതാക്കളിൽ നിന്ന് സംഭരിച്ച് ഒരു വിൽപന കൗണ്ടർ മുഖേന മിതമായ വിലയ്ക്ക് രോഗികൾക്ക് ലഭ്യമാക്കുന്നതിനെ സംബന്ധിച്ച് കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജിയുടെ മാനേജ്മെന്റ് വിഭാഗം സാധ്യത പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ബ്രാൻഡഡ് ഇനത്തിൽപ്പെട്ട മരുന്നുകൾ മിതമായ വിലയ്ക്ക് ലഭ്യമാക്കുന്നതിനുള്ള വിദഗ്ദ്ധ ഡോക്ടർമാരെ ചുമതലപ്പെടുത്തുകയും, അവർ ലഭ്യമാക്കിയ ലിസ്റ്റിലെ 840 ഇനം മരുന്നുകളിൽ 31 ഇനം മരുന്നുകൾ പ്രമേഹവിഭാഗത്തിനായും 78 ഇനം മരുന്നുകൾ ഹൃദ്രോഗവിഭാഗത്തിനായും, 32 ഇനം മരുന്നുകൾ വൃക്കരോഗവിഭാഗത്തിനായും, 12 ഇനം മരുന്നുകൾ വന്ധ്യതാ ചികിത്സാ വിഭാഗത്തിനായും സംഭരിച്ച് വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നു. |

**സെക്ഷൻ ഓഫീസർ**